

നല്ല പുള്ളിക്കുട
നല്ല നിറങ്ങളുള്ള പുള്ളിക്കുട
എന്റെ പുള്ളിക്കുട

ആർദ്ര

അമ്മു പൂമ്പാറ്റ

മുഹമ്മദ് അജ്മാസ്



# നിറഭേദങ്ങൾ



ജനൽച്ചില്ലിൽ ആരോ മുട്ടുന്ന ശബ്ദം കേട്ടാണ്
മാളു ഉണർന്നത്. കണ്ണുകൾ തിരുമ്മി കൊണ്ട്
ജാലകം തുറന്ന് അവൾ പുറത്തേക്കു നോക്കി.
ഞാനിവിടെയുണ്ടെന്ന ഭാവത്തിൽ പയർച്ചെടി
തലയാട്ടുന്നു. മുറ്റത്തെ കൊച്ചു മരച്ചില്ലയിൽ അമ്മക്കി
ളി അവളെത്തന്നെ നോക്കി ചിലച്ചു കൊണ്ടിരി
ക്കുകയാണ്. ഇന്നെന്തേ നീ വരാൻ വൈകി
എന്നു ചോദിക്കും പോലെ കുറച്ചപ്പുറത്ത്
പുൽ തലപ്പിലെ മഞ്ഞു തുള്ളിയിൽ ഒരു
കുഞ്ഞു സൂര്യൻ തിളങ്ങി.

# തത്തമ്മേ വനഗീതം

തത്തമ്മേ, നിന്റെ ചുണ്ടുകളിൽ
ഞങ്ങൾ തന്നു പറഞ്ഞക്ഷരങ്ങൾ
പച്ചക്കുപ്പായവും ചോന്ന ചുണ്ടും
കൊച്ചുതത്തമ്മേയിതാരേകിത്തന്നു?
പൊൻവെയിലും കുഞ്ഞിളം കാറ്റും
നിൻമൃദുമെയ്യിൽ തലോടിടുന്നു
ഞാനെന്നുമിന്നായ് കൊതിപ്പൂ; നിന്നെൻ
ഞാവൽ മരക്കൊമ്പിൽ കൂടെ വരട്ടെ!

